പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ) :

(എ) സംസ്ഥാനത്തെ ടൂറിസ്റ്റ് ബംഗ്ലാവുകൾ, റസ്റ്റ്ഹൗസുകൾ, ട്രാവലേഴ്സ് ബംഗ്ലാവുകൾ, ക്യാമ്പു ഷെഡ്ഡുകൾ മുതലായ സ്ഥാപനങ്ങളുടെ അവയിലെ സൗകര്യങ്ങൾ അടിസ്ഥാനമാക്കി ഇപ്പോൾ, ഒന്നാംക്ലാസ്സ് ടൂറിസ്റ്റ് ബംഗ്ലാവുകൾ, രണ്ടാംക്ലാസ്സ് ടൂറിസ്റ്റ് ബംഗ്ലാവുകൾ, ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ എന്നു മൂന്നായി തരംതിരിച്ചിട്ടുള്ളതിൽ ഒന്നാം ക്ലാസ്സ് ടൂറിസ്റ്റ് ബംഗ്ലാവുകൾ പതിനേഴ് എണ്ണമുണ്ട്.

(ബി) അവ, വക്കല, കൊല്ലം, കോട്ടയം, പീരുമേട്, എടപ്പാളയം, മൂന്നാർ, ആലുവാ, ബോഡിഗാട്ടി, തൃശ്ശൂർ, ഗുരുവായൂർ, മലമ്പുഴ, കോഴിക്കോട്, കണ്ണൂർ എന്നീ സ്ഥലങ്ങളിലെ ടൂറിസ്റ്റ് ബംഗ്ലാവുകളും, പൊന്മുടിയിലെ അപ്പർ സാനിട്ടോറിയം ബംഗ്ലാവ്, ലോവർ സാനിട്ടോറിയം ബംഗ്ലാവ്, പാലക്കാട്ടം, സുൽത്താൻ ബത്തേരിയിലും പണിതീർന്നുകൊണ്ടിരിക്കുന്ന പുതിയ ബംഗ്ലാവുകളും ആകുന്നു.

(സി) ഒന്നാംക്ലാസ്സ് ടൂറിസ്റ്റ് ബംഗ്ലാവുകളിലെ എല്ലാ സ്റ്റാഫുകൾക്കും ഒരുപോലെയുള്ള ശമ്പളവും ആനുകൂല്യങ്ങളും ഉണ്ട്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ഡി. ദാമോദരൻ പോറ്റി : ടൂറിസ്റ്റ് ബംഗ്ലാവുകളും റസ്റ്റ് ഹൗസുകളും തരംതിരിക്കാൻ ഒരു കമ്മിറ്റിയെ നിയമിച്ചിരുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ചാണോ ഈ തരംതിരിച്ചിരിക്കുന്നത് ?

ശ്രീ. പി. പി. ഉമ്മർകോയ : അതെ, കമ്മിറ്റിയുടെ ശുപാർശ അനുസരിച്ചാണ് ക്ലാസിഫിക്കേഷൻ നടത്തിയിട്ടുള്ളത്.

റബ്ബർകൃഷിക്ക് ഭൂമി പതിച്ചുകൊടുക്കൽ

* 792. [10] ശ്രീ. എം. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ക്ഷീരവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർകൃഷിക്ക് ഭൂമി പതിച്ചുകൊടുത്തവർക്ക് ധനസഹായം ലഭിക്കുന്നതിന് ചുരുങ്ങിയത് ഇത്ര റബ്ബർ തൈ എങ്കിലും വച്ചുപിടിപ്പിക്കണമെന്ന നിബന്ധനയുണ്ടോ ;

(ബി) പതിച്ചുകൊടുത്ത സ്ഥലം പാറയായതുകൊണ്ടും പകരം ഭൂമി പതിച്ചുകൊടുക്കാത്തതുകൊണ്ടും നിബന്ധനപ്രകാരമുള്ള തൈകൾ വച്ചുപിടിപ്പിക്കാൻ സാധ്യമല്ലാത്തതു കാരണം വല്ലവർക്കും ധനസഹായം കൊടുക്കാതിരുന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(സി) ഇക്കാര്യത്തിൽ വേണ്ടപ്പെട്ട അന്വേഷണങ്ങൾ നടത്തി അർഹതയുള്ളവർക്ക് കൂടി ധനസഹായം നൽകാൻ നടപടിയെടുക്കുമോ ?

ക്ഷീരവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) :

(എ) ഉണ്ട്.

(ബി) ഗവണ്മെന്റ് അനുവദിക്കുകയും, ഏതാൻ ആളുകൾക്ക് പാറയുള്ള പകരമായി ഭൂമി റബ്ബർ പ്ലാന്റേഷൻ ഡിപ്പാർട്ടുമെന്റിൽനിന്നു കൊടുക്കുകയുണ്ടായി. ഇങ്ങനെ പകരം ഭൂമി കൊടുക്കുന്നതു നിയമാനുസൃതമല്ല എന്നു ഗവണ്മെന്റു പിന്നീടു നിശ്ചയിക്കുകയും, അങ്ങനെ ലഭിച്ചവർ ആ ഭൂമി തിരിയെ ഏല്പിക്കുന്നതുവരെ, അങ്ങനെയുള്ളവർക്ക് ലോൺ കൊടുക്കേണ്ടതില്ലെന്നു നിശ്ചയിക്കുകയും ഉണ്ടായി. അങ്ങനെ 22 പേരുടെ ലോൺ തടഞ്ഞുവയ്ക്കുകയുണ്ടായി. അതിൽ 12 പേർ അധികഭൂമി തിരികെ ഏല്പിക്കുകയാൽ അവർക്ക് പിന്നീടു ലോൺ കൊടുക്കാൻ നിർദ്ദേശം നൽകി. ബാക്കി പത്തുപേർ മിച്ചഭൂമി തിരിയെ ഏല്പിക്കാത്തതുകൊണ്ട് അവർക്ക് ലോൺ കൊടുത്തിട്ടില്ല.

(സി) പാറയുള്ള പകരം കൊടുത്ത ഭൂമി, തിരിയെ ഏല്പിക്കുമ്പോൾ അങ്ങനെയുള്ളവർക്കും ലോൺ കൊടുക്കുന്നതാണ്.

മി. സ്പീക്കർ : 30—ാമത്തെ ചോദ്യത്തിന്റെ ഉത്തരംകൂടി പറയാം.

LIBRARY ARCHIVES Kerala Legislative Assembly